**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 718** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുത ലൈൻ കേബിളാക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണത്തിനുള്ള ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | പ്രസരണ മേഖലയിൽ തിരുവമ്പാടി മണ്ഡലത്തിൽ വൈദ്യുതി വിതരണ ഓവർ ഹെഡ് ലൈനുകൾക്ക് പകരം കേബിൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത് പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളോടനുബന്ധിച്ച 33 KV ലൈനുകളിലാണ്. നിർമ്മാണം തുടങ്ങിയ ഒലിക്കൽ - പൂവാറംതോട് ജലവൈദ്യുത പദ്ധതികളിലെ വൈദ്യുതി സമീപ പ്രദേശത്തെ സബ്സ്റ്റേഷനുകളിലേക്കെ ത്തിക്കുന്ന 33 KV ലൈനുകളിൽ തിരഞ്ഞെടുത്ത ഭാഗങ്ങളിൽ കേബിൾ വഴി നടപ്പാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.<br><br>വൈദ്യുതി വിതരണത്തിനുള്ള ലൈൻ കേബിളാക്കുന്ന പദ്ധതി പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ നടക്കുന്ന പ്രവർത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>2023-24 കാലഘട്ടത്തിൽ തിരുവമ്പാടി നിയമസഭാ മണ്ഡലത്തിനു കീഴിൽ 3.3 കിലോമീറ്റർ എച്ച് ടി എ ബി സി-യും 8.76 കിലോമീറ്റർ എൽ ടി എ ബി സി-യുടെയും ലൈൻ നിർമ്മാണ പ്രവർത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>21.7 കിലോമീറ്റർ എൽ ടി എ ബി സി ലൈൻ നിർമ്മാണ ജോലി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ 2024-25 വർഷത്തേക്ക് 9.5 കിലോമീറ്റർ എച്ച് ടി എ ബി സി-യും 22.65 കിലോമീറ്റർ എൽ ടി എ ബി സി-യുടെയും ലൈൻ നിർമ്മാണ പ്രവർത്തികൾ ആസൂത്രണം ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ